REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 23-05-2024 **സമയം** 12.30 PM

## പ്രധാന വാർത്തകൾ

- ലോക്സഭാ തിരഞ്ഞെടുപ്പ് ആറാം ഘട്ടത്തിന്റെ പരസ്യപ്രചാരണം വൈകിട്ട് സമാപിക്കും. ആറ് സംസ്ഥാനങ്ങളിലെയും, കേന്ദ്രഭരണ പ്രദേശങ്ങളായ ഡൽഹിലെയും, ജമ്മുകശ്മീരിലെയും 58 മണ്ഡലങ്ങളിലാണ് മറ്റന്നാൾ വോട്ടെടുപ്പ്.
- സംസ്ഥാനത്ത് ശക്തമായ മഴ തുടരുന്നു. വയനാട് മുതൽ ആലപ്പുഴ വരെ ഒൻപത് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.
- ഇന്ന് ബുദ്ധ പൂർണിമ.
- വനിതാ തീർത്ഥാടകർ മാത്രമായി ആദ്യ ഹജ്ജ് വിമാനം കരിപ്പൂരിൽ നിന്ന് വൈകീട്ട് പുറപ്പെടും.
- ആനകളുടെ സംസ്ഥാനാന്തര ഏകീകൃത കണക്കെടുപ്പ് കേരളം, തമിഴ്നാട്, കർണാടക, ആന്ധ്രാപ്രദേശ് സംസ്ഥാനങ്ങളിൽ ആരംഭിച്ചു .
- ലോക പാരാ-അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ പുരുഷന്മാരുടെ ഷോട്ട്പുട്ടിൽ ഇന്ത്യക്ക് സ്വർണം.

## വാർത്തകൾ വിശദമായി

**ലോക്സഭാ തിരഞ്ഞെടുപ്പ് ആറാം ഘട്ടത്തിന്റെ പരസ്യപ്രചാരണം വൈകിട്ട് സമാപിക്കും. ആറ് സംസ്ഥാനങ്ങളിലെയും, കേന്ദ്രഭരണ പ്രദേശങ്ങളായ ഡൽഹിലെയും, ജമ്മുകശ്മീരിലെയും 58 മണ്ഡലങ്ങളിലാണ് മറ്റന്നാൾ വോട്ടെടുപ്പ്.**

**ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ**

...........(വോയ്സ്)............

ഉത്തർ പ്രദേശിലെ 14-ഉം, ഹരിയാനയിലെ പത്തും, ബീഹാറിലെയും പശ്ചിമ ബംഗാളിലെയും എട്ട് വീതവും ഡൽഹിയിലെ ഏഴും, ഒഡീഷയിലെ ആറും ജാർഖണ്ഡിലെ നാലും, ജമ്മുകശ്മീരിലെ ഒന്നും മണ്ഡലങ്ങളിലാണ് മറ്റന്നാൾ വിധിയെഴുത്ത്.

ഒഡീഷ നിയമസഭയിലേക്ക് മൂന്നാം ഘട്ടത്തിൽ 42 മണ്ഡലങ്ങൾ മറ്റന്നാൾ ബൂത്തിലെത്തും. ശേഷിക്കുന്ന 42 മണ്ഡലങ്ങളിൽ നാലാമത്തെയും അവസാനത്തെയും ഘട്ടത്തിൽ ജൂൺ ഒന്നിനാണ് വോട്ടെടുപ്പ്.

അവസാനഘട്ടത്തിൽ ജൂൺ ഒന്നിന് ഏഴ് സംസ്ഥാനങ്ങളിലും, ചണ്ഡിഗഢിലുമായി 57 സീറ്റുകളിൽ വോട്ടെടുപ്പ് നടക്കുന്നതോടെ ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ഏഴു ഘട്ടങ്ങളും പൂർത്തിയാകും.

115 സീറ്റുകളിലേക്കാണ് ഇനി വോട്ടെടുപ്പ് പൂർത്തിയാകാനുള്ളത്. 543 അംഗ സഭയിൽ 428 മണ്ഡലങ്ങൾ ഇതിനകം വിധിയെഴുതിക്കഴിഞ്ഞു.

ജൂൺ നാലിനാണ് വോട്ടെണ്ണൽ.

✪✪✪

തിരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്രമോദി പഞ്ചാബിലെ പട്യാലയിൽ ഇന്ന് റാലിയിൽ പങ്കെടുക്കും. കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെയും, പാർട്ടി നേതാവ് രാഹുൽ ഗാന്ധിയുമുൾപ്പെടെ പ്രമുഖ നേതാക്കൾ ഇൻഡി സഖ്യ സ്ഥാനാർത്ഥികൾക്കായി പ്രചാരണം തുടരുകയാണ്.

✪✪✪

ഹെലികോപ്റ്റർ തകർന്നു മരിച്ച ഇറാൻ പ്രസിഡന്റ് സയ്യിദ് ഇബ്രാഹീം റ ഈസി, വിദേശകാര്യ മന്ത്രി ഹുസൈൻ അമീർ അബ്ദുല്ല ഹിയാനും ഇറാൻ ജനത വികാര നിർഭരമായി അന്ത്യാഞ്ജലിയർപ്പിച്ചു. ഇബ്രാഹീം റ-ഈസിയുടെ ഭൗതികശരീരം ഇന്ന് അദ്ദേഹത്തിന്റെ ജന്മനാടായ മഷ്ഹദിൽ ഖബറടക്കും. വിദേശകാര്യ മന്ത്രി ഹുസൈൻ അമീർ അബ്ദുല്ല ഹിയാന്റെ ഖബറടക്കം ഇന്നലെ ടെഹ്റാനിൽ നടന്നു. പ്രാർത്ഥനാ ചടങ്ങുകളിലും വിലാപയാത്രയിലും ലക്ഷക്കണക്കിന് ആളുകൾ പങ്കെടുത്തു.

ഇന്ത്യയെ പ്രതിനിധാനം ചെയ്ത് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ ചടങ്ങിൽ പങ്കെടുത്തു. ഇടക്കാല പ്രസിഡന്റ് മുഹമ്മദ് മുഖ്ബറിനെ അദ്ദേഹം അനുശോചനം അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് മിക്ക ജില്ലകളിലും ശക്തമായ മഴ തുടരുന്നു. അതിശക്തമായ മഴ സാധ്യത കണക്കിലെടുത്ത് ഒൻപത് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ് . ശേഷിക്കുന്ന അഞ്ച് ജില്ലകളിലും ലക്ഷദ്വീപിലും ശക്തമായ മഴസാധ്യത മുൻനിർത്തി മഞ്ഞ ജാഗ്രത നൽകി .

വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശൂർ, ഇടുക്കി, എറണാകുളം, കോട്ടയം, ആലപ്പുഴ ജില്ലകളിലാണ് ഓറഞ്ച് ജാഗ്രത.

നാളെ തിരുവനന്തപുരം മുതൽ പാലക്കാട് വരെ ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. തിങ്കളാഴ്ച വരെ മഴ തുടരുമെന്നാണ് കേന്ദ്രകാലാവസ്ഥാ വകുപ്പ് നൽകുന്ന മുന്നറിയിപ്പ്.

കേരള തീരത്ത് വിഴിഞ്ഞം മുതൽ കാസർഗോഡ് വരെ അർധാത്രി വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതി പഠന ഗവേഷണ കേന്ദ്രം. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിയ്ക്കണമെന്നും കടലിൽ പോകരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

✪✪✪

പ്രതികൂല കാലാവസ്ഥ കാരണം കോഴിക്കോട് വിമാനത്താവളത്തിൽ എത്തിച്ചേരേണ്ട 6 അന്താരാഷ്ട്ര സർവീസുകളും ഒരു ആഭ്യന്തര സർവീസും വൈകി. കോഴിക്കോട് വിമാനത്താവളത്തിൽ നിന്നും പുറപ്പെടേണ്ട 4 സർവീസുകളും വൈകി. ഒരു വിമാനം റദ്ദാക്കി.

✪✪✪

കനത്ത മഴയിൽ കോഴിക്കോട് പെരുമണ്ണയിൽ നാലു വീടുകളിൽ വെള്ളം കയറി. ഒരു കുടുംബത്തെ മാറ്റി പാർപ്പിച്ചു. ഒരിടത്ത് മതിലിടിഞ്ഞു.

തൂണേരിയിൽ റോഡിലേക്ക് മതിലിടിഞ്ഞ് വീണു. നാദാപുരം കുറ്റിയാടി എന്നിവിടങ്ങളിൽ മരം വീണതടസം ഫയർ ഫോഴ്സ് നീക്കം ചെയ്തു.

പന്തീരാങ്കാവ് കൊടൽ നടക്കാവ് ബൈപ്പാസ് റോഡിൽ കോൺക്രീറ്റ് മതിൽ തകർന്ന് വീണ് 4 വീടുകൾക്കും, ക്ഷേത്രത്തിനും അംഗൻവാടിക്കും ഭാഗിക നാശനഷ്ടം സംഭവിച്ചു. താമരശ്ശേരി താലൂക്കിൽ മൂന്ന് വീടുകളിൽ വെള്ളം കയറിയതിനെ തുടർന്ന് എട്ടുപേരെ അങ്കണവാടിയിലേക്ക് മാറ്റി.

അരീക്കുഴിയിൽ മതിൽ ഇടിഞ്ഞ് വീടിനു മുകളിലേക്ക് വീണു.

✪✪✪

കോഴിക്കോട്ടെ നഗരമേഖലയിലെ വെള്ളക്കെട്ട് ഒഴിവാക്കാൻ സംയുക്ത നടപടിയെടുക്കുന്നതിന് മേയറുടെ അധ്യക്ഷതയിൽ ചേർന്ന വകുപ്പുതല യോഗം തീരുമാനിച്ചു. അരയിടത്തുപാലത്ത് വെള്ളക്കെട്ട് ഒഴിവാക്കാൻ പമ്പിംഗ് സംവിധാനം ഏർപ്പെടുത്തും. രാജാജി റോഡിലെ അഴുക്കുചാൽ

മാലിന്യവും മണ്ണും സക്കർ ഉപയോഗിച്ച് നീക്കം ചെയ്യാനും തീരുമാനിച്ചു. കനോലി കനാലിൽ എത്തിച്ചേരുന്ന അഴുക്കുചാൽ മുഖങ്ങൾ മണ്ണുനീക്കി ഒഴുക്ക് സുഗമമാക്കാനും തീരുമാനമായി. ഇന്നലെയുണ്ടായ അതിശക്തമായ മഴയിൽ നഗരത്തിലും, സമീപ പ്രദേശങ്ങളിലും വെള്ളക്കെട്ട് രൂപപ്പെട്ടിരുന്നു. താലൂക്ക് കേന്ദ്രങ്ങളിൽ മഴ അടിയന്തര ഓപ്പറേഷൻ സെന്ററുകൾ തുറന്നു.

✪✪✪

ഇന്നലെ രാത്രിയും ഇന്ന് രാവിലെയുമായി ഇടുക്കിയിൽ ശക്തമായ മഴയാണ് ലഭിച്ചത്.

വൃഷ്ടി പ്രദേശത്തെ ശക്തമായ മഴയെ തുടർന്ന് ജലനിരപ്പ് ഉയർന്നതിനാൽ മലങ്കര ഡാമിൽ നിന്നും നാല് ഷട്ടറുകൾ ഉയർത്തി കൂടുതൽ വെള്ളം പുറത്തേക്കൊഴുക്കാൻ തുടങ്ങി. നാല്, അഞ്ച് ഷട്ടറുകൾ 50 സെന്റീമീറ്റർ വീതവും രണ്ട്, ആറ് ഷട്ടറുകൾ 20 സെന്റീ മീറ്റർ വീതവുമാണ് തുറന്ന് വിട്ടിരിക്കുന്നത്. ഇതേ തുടർന്ന് തൊടുപുഴ, മൂവാറ്റുപുഴ ആറുകളിൽ ജലനിരപ്പ് ഉയർന്നു. ആവശ്യമെങ്കിൽ കൂടുതൽ വെള്ളം പുറത്തേക്ക് ഒഴുക്കുമെന്നും ആറിന്റെ ഇരുകരകളിലും താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്നും അധികൃതർ അറിയിച്ചു.

✪✪✪

ഇന്ന് ബുദ്ധ പൂർണിമ. വൈശാഖ മാസത്തിലെ പൗർണമി ദിനത്തിൽ ശ്രീബുദ്ധന്റെ ജന്മദിനമാണ് ബുദ്ധ പൂർണിമയായി ആഘോഷിക്കുന്നത്. രാഷ്ട്രപതി ദ്രൗപതി മുർമുവും ഉപരാഷ്ട്രപതി ജഗദീപ് ധൻഖറും ജനങ്ങൾക്ക് ആശംസകൾ നേർന്നു. എല്ലാ ജീവജാലങ്ങൾക്കും വേണ്ടി സ്നേഹത്തിന്റെ സന്ദേശമാണ് ബുദ്ധൻ നൽകിയതെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു പറഞ്ഞു.

ധാർമികമായ പെരുമാറ്റത്തിലും മാനസിക അച്ചടക്കത്തിലും വേരൂന്നിയ പരിവർത്തന പാതയാണ് ബുദ്ധന്റെ പാഠങ്ങൾ വാഗ്ദാനം ചെയ്യുന്നതെന്ന് ഉപരാഷ്ട്രപതി ജഗദീപ് ധൻഖർ പറഞ്ഞു.

✪✪✪

വനിതാ തീർത്ഥാടകർ മാത്രമായി ആദ്യ ഹജ്ജ് വിമാനം കരിപ്പൂരിൽ നിന്ന് ഇന്ന് പുറപ്പെടും. വൈകിട്ട് അഞ്ചിനാണ് വിമാനം പുറപ്പെടുന്നത്.

ഈ മാസം 28 വരെ ദിവസങ്ങളിൽ വനിതാ തീർത്ഥാടകർക്ക് മാത്രമായി 12 വിമാനങ്ങളാണ് ക്രമീകരിച്ചിരിക്കുന്നത്.

✪✪✪

ആനകളുടെ സംസ്ഥാനാന്തര ഏകീകൃത കണക്കെടുപ്പ് ആരംഭിച്ചു .

കേരളം, തമിഴ്നാട്, കർണാടക, ആന്ധ്രാപ്രദേശ് സംസ്ഥാനങ്ങൾ സംയുക്തമായാണ് ആനകളുടെ സെൻസസ് നടത്തുന്നത് . വന്യജീവി പ്രശ്നം

**ഉൾപ്പെടെ കൈകാര്യം ചെയ്യുന്നതിന് രൂപീകരിച്ച അന്തർ സംസ്ഥാന കോർഡിനേഷൻ കമ്മിറ്റി യുടെ തീരുമാനം പ്രകാരം ആണ് കണക്കെടുപ്പ് .**

**ഡസ്ക്ക് റിപ്പോർട്ട്**

**............. വോയ്സ് ..........**

**കേരളത്തിലെ കാട്ടാനകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് വനംവകുപ്പിന്റെ ആഭിമുഖ്യത്തിൽ ഇന്ന് മുതൽ മൂന്നു ദിവസങ്ങളിലായി ആനമുടി, നിലമ്പൂർ, പെരിയാർ, വയനാട് എന്നിവിടങ്ങളിലാണ് കണക്കെടുപ്പ് നടത്തുന്നത്. തമിഴ്നാട്, കർണാടക,ആന്ധ്രാപ്രദേശ് സംസ്ഥാനങ്ങളും ഇതേ ദിവസം തന്നെ അവരുടെ കാടുകളിൽ ആനകളുടെ കണക്കെടുക്കും.**

**മൂന്ന് വ്യത്യസ്ഥ മാർഗങ്ങളിലൂടെയാണ് ആനകളുടെ എണ്ണം കണക്കാക്കുക. ഇന്ന് നേരിട്ടുള്ള കണക്കെടുപ്പ് രീതിയായ ബ്ലോക്ക് കൗണ്ട് മെത്തേഡിലും നാളെ പരോക്ഷ കണക്കെടുപ്പായ ഡങ് കൗണ്ട് മെത്തേഡിലും മറ്റന്നാൾ വാട്ടർഹോൾ അല്ലെങ്കിൽ ഓപ്പൺ ഏരിയ കൗണ്ട് മെത്തേഡിലുമാണ് കാട്ടാനകളുടെ എണ്ണം പരിശോധിക്കുക. ശേഖരിക്കുന്ന വിവരങ്ങൾ വിദഗ്ധമായ പരിശോധനകൾക്ക് വിധേയമാക്കി ജൂൺ 23 ന് കരട് റിപ്പോർട്ട് തയ്യാറാക്കും. അന്തിമ റിപ്പോർട്ട് ജൂലൈ ഒൻപതിന് സമർപ്പിക്കും. കഴിഞ്ഞ വർഷത്തെ കണക്കെടുപ്പിൽ 1920 ആനകൾ ഉള്ളതായാണ് കണ്ടെത്തിയത്.**

✪✪✪

**ഷെൽ കമ്പനികളുണ്ടാക്കി ആയിരം കോടി രൂപയിലധികം നികുതി വെട്ടിച്ചെന്ന കേസിൽ സംസ്ഥാനത്ത് 101 കേന്ദ്രങ്ങളിൽ GST വകുപ്പ് റെയ്ഡ്. GST വകുപ്പിന് കീഴിലെ ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് വിഭാഗങ്ങളിലെ 350 ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ പുലർച്ചെ ആരംഭിച്ച പരിശോധന തുടരുകയാണ്.**

✪✪✪

**ജപ്പാനിലെ കോബെയിൽ ലോക പാരാ-അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ പുരുഷന്മാരുടെ ഷോട്ട്പുട്ടിൽ ഇന്ത്യക്ക് സ്വർണം. സച്ചിൻ സർജെറാവു ഖിലാരിയാണ് സ്വർണം നേടിയത്. എഫ് 46 വിഭാഗത്തിൽ 16.30 മീറ്റർ എറിഞ്ഞ് ഏഷ്യൻ റെക്കോർഡോടെയാണ് സച്ചിന്റെ സ്വർണ നേട്ടം.**

**ഇതോടെ 5 സ്വർണവും 4 വെള്ളിയും 3 വെങ്കലവുമടക്കം ഇന്ത്യയുടെ മെഡൽ നേട്ടം 12 ആയി. 48 മെഡലുകളുമായി ചൈനയാണ് പോയിന്റ് പട്ടികയിൽ ഒന്നാമത്.**

✪✪✪

FIH പ്രോ ലീഗ് ഹോക്കി മത്സരത്തിൽ ഇന്ത്യൻ പുരുഷ  ടീം അർജന്റീനയെ 5-4 ന് ഷൂട്ടൗട്ടിൽ പരാജയപ്പെടുത്തി.  ബെൽജിയത്തിൽ നടക്കുന്ന മത്സരത്തിൽ നിശ്ചിത സമയത്ത് ഇരുടീമുകളും രണ്ട് ഗോൾ വീതം നേടിയതിനെ തുടർന്നാണ് മത്സരം ഷൂട്ടൗട്ടിലേക്ക് നീങ്ങിയത്.

പ്രോ ലീഗിന്റെ യൂറോപ്യൻ ലെഗിൽ ഇന്ത്യൻ പുരുഷ ടീം നാളെ ആതിഥേയരായ ബെൽജിയത്തെ നേരിടും.

✪✪✪

IPL ക്രിക്കറ്റിലെ എലിമിനേറ്ററിൽ രാജസ്ഥാൻ റോയൽസ്, റോയൽ ചാലഞ്ചേഴ്സ് ബംഗളൂരുവിനെ നാലുവിക്കറ്റിന് തോൽപ്പിച്ചു.  ഇതോടെ അവർ രണ്ടാം ക്വാളിഫയറിലേക്ക് പ്രവേശിച്ചു.

രണ്ടാം ക്വാളിഫയറിൽ നാളെ സൺറൈസേഴ്സ് ഹൈദരാബാദിനെ രാജസ്ഥാൻ നേരിടും. രാത്രി ഏഴരക്ക് ചെന്നൈ ചിദംബരം സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

സംസ്ഥാന അത്‌ലറ്റിക്സ് അസോസിയേഷൻ സംഘടിപ്പിക്കുന്ന ഒളിമ്പ്യൻ സുരേഷ് ബാബു മെമ്മോറിയൽ സംസ്ഥാന യൂത്ത് അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പ് ഇന്ന് കാലിക്കറ്റ് സർവകലാശാലയിൽ തുടങ്ങും. ഉച്ചക്ക് ശേഷം രണ്ടര മുതൽ അഞ്ചര വരെയാണ് മത്സരങ്ങൾ.

✪✪✪

കൊട്ടിയൂർ വൈശാഖ മഹോത്സവത്തിലെ  ഭണ്ഡാരം എഴുന്നള്ളത്ത് പുലർച്ചെയോടെ പൂർത്തിയായി.

മണത്തണ കരിമ്പന ഗോപുരത്തിൽ നിന്ന് ഇന്നലെ രാത്രി എട്ടുമണിയോടെയാണ് ഭണ്ഡാര മെഴുന്നള്ളത്ത് ആരംഭിച്ചത്. അർധരാത്രിയോടെ ഇക്കരെ കൊട്ടിയൂർ ക്ഷേത്രത്തിലെത്തിയ ഭണ്ഡാരമെഴുന്നള്ളത്ത് പുലർച്ചെ അക്കരെ കൊട്ടിയൂരിലെത്തിച്ചേർന്നു. രാവിലെ സ്ത്രീകൾ അക്കരെ കൊട്ടിയൂരിൽ പ്രവേശിച്ചുതുടങ്ങി.  ജൂൺ 13 ന് മകം കലം വരവ് വരെയാണ് സ്ത്രീകൾക്ക് അക്കരെ കൊട്ടിയൂരിൽ പ്രവേശനം.

✪✪✪

പുറ്റിങ്ങൽ വെടിക്കെട്ട് ദുരന്ത കേസിലെ പ്രതികൾ കൊല്ലം ജില്ലാസെഷൻസ് കോടതിയിൽ ഹാജരായി.  48 പ്രതികളാണ്  ഹാജരായത്. 58 പ്രതികളുള്ള കേസിൽ 8 പേർ മരിച്ചു. കേസ് അടുത്തമാസം 24 ന് വീണ്ടും പരിഗണിക്കും.

പ്രത്യേക കോടതിക്ക് കേസ് കൈമാറുന്നതിന് മുൻപു  നടപടിക്രമത്തിന്റെ ഭാഗമായാണ് പ്രതികളെ സമൻസ് അയച്ച് വിളിപ്പിച്ചത്. പരവൂർ

കോടതിയിൽനിന്ന് കൊല്ലം കോടതിയിലേക്ക് കേസ് മാറ്റിയശേഷം ആദ്യമായാണ് പ്രതികളെ വിളിപ്പിച്ചത്. 2016 ഏപ്രിൽ 16നായിരുന്നു 110 ഓളം പേർ കൊല്ലപ്പെട്ട പുറ്റിങ്ങൽ വെടിക്കെട്ട് ദുരന്തം.

✪✪✪

നിലമ്പൂർ പോത്തുകല്ല് ഗ്രാമപഞ്ചായത്തിലെ ആദിവാസി മേഖലയുടെ സമഗ്ര വികസനത്തിന് നബാർഡ് നാലര കോടി രൂപയുടെ പദ്ധതിക്ക് അന്തിമ രൂപം നൽകി. കൃഷി, മൃഗപരിപാലനം എന്നിവയിലൂടെ നാലു വർഷം കൊണ്ട് ഓരോ കുടുംബത്തിനും രണ്ട് ലക്ഷം രൂപയെങ്കിലും വരുമാനമുണ്ടാക്കുന്ന പദ്ധതി നബാർഡിന്റെ പട്ടികവർഗ്ഗ വികസന ഫണ്ട് ഉപയോഗിച്ചാണ് നടപ്പാക്കുന്നത്.

✪✪✪

സ്വർണ വില കുറഞ്ഞു. പവന് 800 രൂപ കുറഞ്ഞ് 53,840 രൂപയായി. 6,730 രൂപയാണ് ഇന്നത്തെ ഗ്രാംവില.

✪✪✪

കാഞ്ഞങ്ങാട് ചിത്താരിയിൽ പാചക വാതക ടാങ്കറിൽ നേരിയ ചോർച്ച. രാവിലെ ഏഴരയോടെ ഓടിക്കൊണ്ടിരിക്കുന്നതിനിടയിലാണ് ടാങ്കറിന്റെ സൈഡ് വാൽവിൽ ചോർച്ച ഡ്രൈവറുടെ ശ്രദ്ധയിൽപ്പെട്ടത്. കാഞ്ഞങ്ങാട്, കാസർകോട് എന്നിവിടങ്ങളിൽ നിന്നു മൂന്ന് യൂണിറ്റ് ഫയർഫോഴ്സ് എത്തി ചോർച്ച താൽക്കാലികമായി അടച്ചു.

✪✪✪